IV. സബ്മിഷൻ

(1) എഴുത്തുപരീക്ഷയ്ക്കു പുറമെ ഇന്റർവ്യൂകൂടി നടത്താനുള്ള പി.എസ്.സി. തീരുമാനം

ശ്രീ. പി. എസ്. സുപാൽ: പി.എസ്.സി.-യുമായി ബന്ധപ്പെട്ട ഒരു നിർദ്ദേശം കേരളത്തിലെ ഉദ്യോഗാർത്ഥികളിൽ കടുത്ത ആശങ്ക സൃഷ്ടിച്ച സാഹചര്യത്തിലാണ് ഇത്തരമൊരു സബ്മിഷൻ ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. പി.എസ്.സി.-യുടെ എൽ.ഡി.സി., സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, ലാസ്റ്റ് ഗ്രേഡ് തുടങ്ങിയ തസ്തികകളിൽ എഴുത്തുപരീക്ഷ കൂടാതെ ഇന്റർവ്യൂകൂടി നടത്താനുള്ള ഒരു തീരുമാനം അറിയുകയുണ്ടായി. അത് സംസ്ഥാനത്തെ ഉദ്യോഗാർത്ഥികളിലും അതുപോലെതന്നെ എല്ലാപേരിലും കടുത്ത ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. സാധാരണ ഗതിയിൽ ഉയർന്ന തസ്തികകൾക്കാണ് ഇന്റർവ്യൂ നടത്തുന്നത്. ചില ഘട്ടങ്ങളിൽ ഉയർന്ന തസ്തികകളിലേക്കു എഴുത്തു പരീക്ഷമാത്രം നടത്തുന്ന സാഹചര്യവുമുണ്ട്. അങ്ങനെയുള്ള അവസരത്തിൽ ഇത് അപ്രായോഗികമായി നടപ്പിലാക്കാൻ ശ്രമിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സംസ്ഥാനത്ത് തൊഴിലില്ലാത്ത ലക്ഷോപലക്ഷം ജനങ്ങളുണ്ട്. ലാസ്റ്റ് ഗ്രേഡ് നിയമനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളുടെ എണ്ണത്തെക്കുറിച്ച് അങ്ങയ്ക്ക് അറിയാമല്ലോ. ലക്ഷക്കണക്കിന് അപേക്ഷകളാണ് പി.എസ്.സി.-യിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ തൊഴിൽ രഹിതരായിട്ടുള്ള ഉദ്യോഗാർത്ഥികളുടെ സംശയം ദൂരീകരിക്കാനാവശ്യമായ നടപടികളുണ്ടാകണം. പി.എസ്.സി ഒരു സ്വതന്ത്ര ബോഡിയൊക്കെയാണെങ്കിലും പി.എസ്.സി.-യിൽ 16 മെമ്പർമാരാണുള്ളത്. ഉദ്യോഗാർത്ഥികൾക്ക് ജോലി കൊടുക്കുകയെന്നുള്ളതാണ് പി.എസ്.സി.-യുടെ ഉത്തരവാദിത്വം. അല്ലാതെ 16 മെമ്പർമാർക്ക് ജോലി കൊടുക്കുകയെന്നുള്ള ജോലിയല്ല നിർവഹിക്കേണ്ടത്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിര നടപടിയുണ്ടാകണം. ഈ തീരുമാനം പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*): സർ, ക്ലറിക്കൽ, പ്യൂൺ തസ്തികകളിലേക്ക് എഴുത്തുപരീക്ഷ മാത്രം നടത്തിയാണ് ലിസ്റ്റ് തയ്യാറാക്കി വന്നിരുന്നത്. സാങ്കേതിക എക്സിക്യൂട്ടീവ് തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് എഴുത്തു പരീക്ഷയോടൊപ്പം ഇന്റർവ്യൂവും നടത്തിയിരുന്നു. സർക്കാരിന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുക എന്നത് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. പരീക്ഷ രീതിയും മറ്റു കാര്യങ്ങളും പി.എസ്.സി.യാണ് നിശ്ചയിക്കുന്നത്. ഈ രണ്ടു വിഭാഗത്തിൽ ഇന്റർവ്യൂ നടത്താനായിട്ടാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. പി.എസ്.സി.യുടെ ഈ തീരുമാനം സർക്കാരിനെ അറിയിച്ചിട്ടു പോലുമില്ല. കാരണം പി.എസ്.സി.ക്ക് അതിനുള്ള പൂർണ്ണസ്വാതന്ത്ര്യം ഉണ്ട്. ഇതിലിടപെട്ടാൽ പി.എസ്.സി.യുടെ ദൈനംദിന കാര്യത്തിൽ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടുന്നു എന്നുള്ള ആക്ഷേപമുണ്ടാകാനിടയുണ്ട്. ഏതായാലും ഇതുവരെ ഗവൺമെന്റിനെ ഇത് സംബന്ധിച്ച പി.എസ്.സി. യുടെ അഭിപ്രായം അറിയിച്ചിട്ടില്ല. ഇതുപോലുള്ള കാര്യങ്ങളിൽ സാധാരണ രീതിയിൽ സർക്കാർ ഇടപെടാറില്ല. ഇടപെടാനുള്ള അധികാരവും ഇല്ല എന്നുള്ളതാണ് സ്ഥിതി. ഏതായലും മെമ്പർ ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച് പി.എസ്.സിയുടെ അഭിപ്രായം ആരായുന്നതാണ്.

(2) കോഴിക്കോട് നഗരത്തിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തൽ

ശ്രീ. എ. സുജനപാൽ : സർ, കോഴിക്കോട് നഗരത്തിൽ വർദ്ധിച്ചുവരുന്ന പുതിയ ഇലക്ട്രിക് കണക്ഷൻ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഉണ്ടായതിനേക്കാൾ ഏതാണ്ട് ഇരട്ടി കഴിഞ്ഞ നാലു വർഷങ്ങൾക്കുള്ളിൽ നടന്നു. അതുകൊണ്ടുതന്നെ പ്രസരണത്തിന്റെ കാര്യത്തിൽ വളരെയധികം പ്രയാസം നേരിടുന്നുണ്ട്. വോൾട്ടേജ് ക്ഷാമംമൂലം പല ഭാഗങ്ങളിലും വേണ്ടത്ര വൈദ്യുതി ലഭിക്കാത്ത പ്രശ്നങ്ങൾ ഉണ്ടായി. പിന്നെ ട്രാൻസ്ഫോർമറുകൾ പത്തിരുപത് വർഷങ്ങളായി പുതുക്കി സ്ഥാപിച്ചിട്ടില്ല. ഇതിന് ഒരു ആധുനിക സംവിധാനം ഉണ്ടാക്കണം. ഇവിടെ നടപ്പാക്കുന്ന പദ്ധതികളിലൊക്കെ കാലതാമസം ഉണ്ടാകാറുണ്ട്. ശ്രീ. പത്മരാജൻ വിദ്യുച്ഛക്തി വകുപ്പു മന്ത്രിയായിരുന്ന കാലത്ത് പ്രവൃത്തി ഉത്ഘാടനം ചെയ്ത ഗ്യാസ് ഇൻസ്റ്റുലേഷൻ സ്റ്റേഷൻ കഴിഞ്ഞ വർഷമാണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ശ്രീ. സെയ്ദിന്റെ സാന്നിദ്ധ്യത്തിൽ ഉത്ഘാടനം ചെയ്തത്. പദ്ധതികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ള 80 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകാനുള്ള നടപടി സ്വീകരിക്കണം. ഇത് നടപ്പാക്കുകയാണെങ്കിൽ കോഴിക്കോട് നഗരത്തിൽ കേബിൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉണ്ടാക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിന് സാധിക്കും. അത് അടിയന്തിരമായി നടപ്പാക്കണം. കാലതാമസം ഒഴിവാക്കണം. പദ്ധതികൾ ആവിഷ്ക്കരിച്ച് അഞ്ചുപത്ത് വർഷം കഴിഞ്ഞ് അവ നടപ്പാക്കുമ്പോൾ അതിന്റെ ഉപയോഗം ലഭിക്കാത്ത സാഹചര്യമുണ്ടാകും അതുകൊണ്ട് ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ള എ.പി.ഡി.ആർ.പി. പദ്ധതി കഴിയുന്നതും വേഗം കാലപരിധി നിശ്ചയിച്ച് ഒരു വർഷത്തിനുള്ളിൽ അല്ലെങ്കിൽ രണ്ടു വർഷത്തിനുള്ളിൽ നടപ്പാക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടി സ്വീകരിക്കണം. ഇവിടെ സെറ്റിൽമെന്റ് വർദ്ധിച്ചു വരികയാണ്. നിരവധി ഫ്ളാറ്റുകളും പുതിയ വീടുകളും ഉണ്ടാവുകയാണ്. അതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ പദ്ധതി ആവിഷ്ക്കരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)* : സർ, കോഴിക്കോട് ടൗണിലേക്ക് 2003 മാർച്ച് മാസത്തിൽ എ.പി.ഡി.ആർ.പി.യുടെ 15.42 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി. ആ പദ്ധതി പ്രകാരം 20 കി.മീറ്റർ 11 കെ. വി. ലൈനും 7.5. കി.മീറ്റർ. അണ്ടർ ഗ്രൗണ്ട് കേബിളും വലിക്കാനുള്ള ഏർപ്പാട് ചെയ്തു. അതിന്റെ 65 ശതമാനം വർക്ക് ഇപ്പോൾ തീർന്നു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly